"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - തിരുവല്ല മാർത്തോമാ കോളേജിൽ നിന്നും 31.05.2020-ന് വിരമിച്ച ശ്രീ. ജേക്കബ് തോമസിന് പെൻഷൻ കുടിശ്ശിക അനുവദിച്ച് ഉത്തരവാകുന്നു.

---

**ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.789/2026/HEDN തീയതി,തിരുവനന്തപുരം, 06-07-2026

---

പരാമർശം:- കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 19.08.2025-ലെ DCETVM/6802/2025-N2 നമ്പർ കത്ത്

**ഉത്തരവ്**

തിരുവല്ല മാർത്തോമാ കോളേജിൽ നിന്നും 31.05.2020-ന് വിരമിച്ച അനധ്യാപക ജീവനക്കാരനായ ശ്രീ. ജേക്കബ് തോമസിന്റെ അഞ്ചാം സ്റ്റാഗ്നേഷൻ ഇൻക്രിമെന്റുമായി ബന്ധപ്പെട്ട് സ്പാർക്കിലുണ്ടായ സാങ്കേതിക തകരാർ പരിഹരിക്കുന്നതിൽ കാലതാമസമുണ്ടായി എന്നും പ്രസ്തുത സാങ്കേതിക തകരാർ പരിഹരിച്ചതിന് ശേഷം 25.11.2024-നാണ് ടിയാൻ പെൻഷനുള്ള അപേക്ഷ കോട്ടയം കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിച്ചതെന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരാമർശം പ്രകാരം അറിയിച്ചിരുന്നു. മേൽ സാഹചര്യത്തിൽ, ടിയാന്റെ പെൻഷൻ കുടിശ്ശിക അനുവദിച്ചു നൽകുന്ന വിഷയത്തിൽ മാർഗ്ഗനിർദ്ദേശം നൽകണമെന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. എല്ലാ ജീവനക്കാരും വിരമിക്കുന്നതിന് കുറഞ്ഞത് ഒരു വർഷം മുൻപെങ്കിലും പെൻഷനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് കെ എസ് ആർ ഭാഗം 3 ചട്ടം 110-ൽ പ്രതിപാദിക്കുന്നു. പ്രത്യേക സാഹചര്യങ്ങളിൽ, ജീവനക്കാരൻ വിരമിച്ചതിന് ശേഷം വളരെക്കാലത്തിന് ശേഷം പെൻഷൻ അനുവദിക്കുകയാണെങ്കിൽ, ആയത് അനുവദിച്ച സർക്കാരിന്റെ പ്രത്യേക ഉത്തരവില്ലാതെ മുൻകാല പ്രാബല്യം നൽകരുതെന്നും, പ്രത്യേക ഉത്തരവിന്റെ അഭാവത്തിൽ, പ്രസ്തുത പെൻഷൻ കെ.എസ്.ആർ. ചട്ടം 120 പ്രകാരം അനുവദിച്ച തീയതി മുതൽ പ്രാബല്യത്തിൽ വരും എന്നും, പെൻഷൻ പേപ്പറുകൾ സമർപ്പിക്കുന്നതിലെ കാലതാമസത്തിന്റെ കാരണം ബന്ധപ്പെട്ട പെൻഷൻകാരന്റെ തെറ്റ് മൂലമാണെങ്കിൽ ചട്ടത്തിന്റെ രണ്ടാം ഭാഗത്തിൽ വിഭാവനം ചെയ്യുന്ന പ്രതികൂല സാഹചര്യം ബാധകമാണെന്നും ബഹു. ഹൈക്കോടതി, State of Kerala v. Pappan (2021(2) KLT 774) എന്ന കേസിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ കേസിൽ 31.05.2020ന് വിരമിച്ച ടിയാന്റെ ശമ്പളവും മറ്റും ലഭിക്കുന്നതിന് സ്പാർക്കിലെ സാങ്കേതിക തടസ്സങ്ങളെല്ലാം നീക്കിയത് 24/05/2023-നാണ്. അതിനുശേഷം ആറ് മാസത്തിനകം ടിയാന് പെൻഷന് അപേക്ഷിച്ചിട്ടുണ്ട്. മേൽ പരാമർശിച്ച കേസിലെ വിധിന്യായം പരിഗണിക്കുമ്പോൾ, പെൻഷൻ പേപ്പറുകൾ

സമർപ്പിക്കുന്നതിലെ കാലതാമസത്തിന്റെ കാരണം പെൻഷൻകാരന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയല്ല, മറിച്ച് സ്പാർക്കിലുണ്ടായ സാങ്കേതിക തടസ്സമാണെന്ന് കാണുന്നു. മേൽ സാഹചര്യത്തിൽ, 01.06.2020 മുതൽ ശ്രീ. ജേക്കബ് തോമസിന്റെ പെൻഷൻ കുടിശ്ശിക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
NISAM N
അണ്ടർ സെക്രട്ടറി

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ
2. കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം
4. മാനേജർ, മാർത്തോമാ കോളേജ്, തിരുവല്ല, പത്തനംതിട്ട 689103
5. ശ്രീ ജേക്കബ് തോമസ് (മാനേജർ മുഖേന)
6. ധനകാര്യ വകുപ്പ് (EDN-C4/315/2021-FIN)
7. I&PRD (Web and New Media)
8. www.highereducation.kerala.gov.in
9. കരുതൽ ഫയൽ (D3/91/2026-HEDN)

ഉത്തരവിൻ പ്രകാരം
**Signed by Lal Kiran G R**
**Date: 06-07-2026 11:59:15**
സെക്ഷൻ ഓഫീസർ